**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **30-01-2024 - ൽ മറുപടിയ്ക്ക്**

**പാലോട് സബ്സ്റ്റേഷനിലെ 110 കെ.വി. ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ പാലോട് സബ്സ്റ്റേഷനിൽ 66 കെ.വി.ലൈൻ 110 കെ.വി. ആക്കുന്നതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിലെ പാലോട് സബ്സ്റ്റേഷനിലേക്കുള്ള 66 കെ വി ലൈൻ 110 കെ വി ആക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. 90% പ്രവൃത്തികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. പാലോട് സബ്സ്റ്റേഷന്റെ ശേഷി 110 കെ വി ആക്കി ഉയർത്തുന്ന പ്രവൃത്തികളും 70% ത്തോളം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | 66 കെ.വി പാലോട് സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും ശേഷി 110 കെ വി ആക്കി ഉയർത്തുന്ന പ്രവൃത്തികൾക്കായി 16.53 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്. |
| (സി) | പദ്ധതി പൂർത്തീകരണത്തിലൂടെ പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ? | (സി) | പദ്ധതി പൂർത്തീകരണത്തിലൂടെ നന്ദിയോട്, പെരിങ്ങമ്മല, പാങ്ങോട്, കല്ലറ, തൊളിക്കോട്, വിതുര, പനവൂർ, ആനാട് എന്നീ പഞ്ചായത്തുകളിലെ 42000 ഉപഭോക്താ ക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ